കിട്ടിയ ശിപാർശ, അയ്യായിരം രൂപ വരെ ധനസഹായം സ്വീകരിച്ച് സ്വമേധയാ പിരിഞ്ഞു പോകുവാൻ പരമാവധി പദ്ധതി അംഗങ്ങളെ പ്രേരിപ്പിക്കേണ്ടതാണ്. പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ മന്ത്രി സഭയുടെ അനുവാദത്തോടെ ഒഴിവാക്കേണ്ടതാണ്. പദ്ധതി അംഗങ്ങൾക്ക് എൽ.ഐ.സി.-യുമായി സഹകരിച്ച് ലൈഫ് ഇൻഷുറൻസ് കവറേജ് നൽകുന്ന കാര്യം പരിശോധിക്കേണ്ടതാണ്. സർക്കാർ അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കാതെ പദ്ധതിയിൽ തുടരുന്നവർക്കായി പുതിയ പദ്ധതി ആരംഭിക്കുന്ന കാര്യം ആലോചിക്കേണ്ടതാണ്. പദ്ധതി അംഗങ്ങളെ ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ കീഴിലുള്ള സംരംഭങ്ങൾ ഏറ്റെടുക്കുവാൻ പ്രേരിപ്പിക്കേണ്ടതാണ്. അവശതാ പെൻഷന് അർഹരായ അംഗങ്ങൾക്ക് മാസംതോറും പെൻഷൻ നൽകുന്നതിനു പകരം ഒറ്റത്തവണ പതിനായിരം രൂപ മാത്രം നൽകുന്ന കാര്യം പരിശോധിക്കേണ്ടതാണ്. പദ്ധതി അംഗങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ വിവരം ശേഖരിച്ച് അനർഹരായവരെ പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിനായി 1994-ൽ സൃഷ്ടിച്ച 91 തസ്തികകളിലെ ജീവനക്കാരെ പുനർവിന്യസിച്ച് അവരുടെ സേവനം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിക്കേണ്ടതാണ്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ നബാർഡിന്റെയും ആസൂത്രണ ബോർഡിന്റെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നാല്പത്തിയഞ്ച് വയസ്സ് പൂർത്തിയാകാത്ത പദ്ധതി അംഗങ്ങൾക്ക് പ്രത്യേക പരിഗണന നല്കുകയും പദ്ധതി സമഗ്രമായി പുനഃസംഘടിപ്പിക്കുന്ന കാര്യം സർക്കാർ അടിയന്തര പ്രാധാന്യത്തോടെ ഇപ്പോൾ പരിശോധിച്ചു വരികയുമാണ്. ഇതിന് നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ നിന്ന് വിട്ടുപോകുന്നവർക്ക് അയ്യായിരം രൂപ വീതം ധനസഹായം അനുവദിച്ചു വിതരണം ചെയ്യാൻ കൃഷി ഡയറക്ടറെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ധനസഹായ വിതരണത്തിനുള്ള നടപടികൾ കൃഷി ഡയറക്ടറുടെ കാര്യാലയത്തിൽ പുരോഗമിച്ചുവരികയാണ്. ഇതുസംബന്ധിച്ച് കുറച്ചുകൂടി വിശദാംശങ്ങളുണ്ട്. അത് ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കാം. ഇതിന്റെ കോപ്പി ശ്രീ. പി. സി. ജോർജിന് ഇപ്പോൾത്തന്നെ തരാം. കുറച്ചു വിശദമായിട്ടുണ്ട്. കൃഷിമന്ത്രി ഇവിടെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് മറുപടി പറയുന്നത്. അതുകൊണ്ട് ശ്രീ. പി. സി. ജോർജ് പരിഭവിക്കേണ്ട. ഇതിനുള്ള വ്യക്തമായ മറുപടിയാണ് ഞാൻ പറഞ്ഞത്.

### 15. ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് എൻ.എച്ച് 47-നു സമീപം ആറ് ഏക്കർ സ്ഥലത്ത് വെസ്റ്റേൺ ടെക്നോളജി, പോളിമർ ടെക്നോളജി, ഇലക്ട്രോണിക് ആന്റ് ഇൻസ്ട്രുമെന്റേഷൻ എന്നീ മൂന്നു ബ്രാഞ്ചുകളിലായി നാനൂറ്റി അമ്പതോളം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിൽ മെക്കാനിക്കൽ ബ്രാഞ്ച് തുടങ്ങുന്നതിന് ആവശ്യമായ വർക്ക്ഷോപ്പ്, ലാബ് മറ്റ് അനുബന്ധ സൗകര്യങ്ങളെല്ലാംതന്നെ ഇപ്പോഴുണ്ട്. 105 ലക്ഷം രൂപ ചെലവിൽ വെസ്റ്റേൺ ടെക്നോളജി ബ്ലോക്ക് പണി പൂർത്തീകരിച്ചതോടുകൂടി പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ക്ലാസ് റൂമുകളും ലഭ്യമാണ്. ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ പോകുകയാണ്. കൂടാതെ പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് ആവശ്യമായ സ്ഥലം പ്ലേ ഗ്രൗണ്ട് തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഈ കാമ്പസിൽ ഉണ്ട്. ആയതുകൊണ്ട് മേൽസാഹചര്യങ്ങൾ പരിഗണിച്ച് പോളിടെക്നിക്കിന്റെ വികസനത്തിന് ഗുണകരമായ വിധത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ശ്രീ. പി. സി. ജോർജിന്റെ സബ്മിഷനിൽ 91 പോസ്റ്റ് പതിനേഴ് വർഷം പണിയില്ലാതെ എങ്ങനെ ഇരുന്നു എന്നുള്ളത് ഞാൻ അത്ഭുതപ്പെടുന്നു. ബഹുമാനപ്പെട്ട അംഗം ബി. ഡി. ദേവസ്സിയുടെ സബ്മിഷൻ സംബന്ധിച്ച് കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിൽ ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ, ടെക്സ്റ്റൈൽ ടെക്നോളജി, പോളിമർ ടെക്നോളജി എന്നീ ബ്രാഞ്ചുകളിലായി ആകെയുണ്ടായിരുന്ന 130 സീറ്റുകൾ 2010-11 വർഷം മുതൽ 180 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ കൊരട്ടി ഉൾപ്പെടെ ആകെയുള്ള 43 ഗവൺമെന്റ് പോളിടെക്നിക്കുകളിൽ 19 എണ്ണത്തിലും 3 ബ്രാഞ്ചുകൾ വീതമാണുള്ളത്. അടിസ്ഥാന സൗകര്യ വികസനവും ആവശ്യമായ ജീവനക്കാരുടെ തസ്തികയും സൃഷ്ടിച്ച് ഈ പോളിടെക്നിക്കുകളിൽ പുതിയതായി ഓരോ ബ്രാഞ്ചോടുകൂടി തുടങ്ങുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**16. രൂക്ഷമായ വരൾച്ച തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ**

ശ്രീ. എം. ഹംസ : സർ, കേരളം വല്ലാത്ത തോതിലുള്ള ഒരു വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. കുടിവെള്ള ക്ഷാമവും കേരളം അനുഭവിക്കുവാൻ പോകുകയാണ്. താപനില ഉയർന്ന് ജന്തുക്കളും അതുപോലെ മനുഷ്യരും വല്ലാതെ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ള സ്രോതസ്സുകൾ വറ്റിവരുന്ന ഈ സന്ദർഭത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു ക്രൈസിസ് മാനേജ്മെന്റിന് ഈ ഗവൺമെന്റ് ഇപ്പോൾത്തന്നെ ഇടപെടേണ്ടതുണ്ട്. കഴിഞ്ഞ കാലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതുപോലെ ഇത്തവണയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. ഇപ്പോൾ നമുക്ക് ജില്ലാ കേന്ദ്രങ്ങളിൽ ഇതുമായി ബന്ധപ്പെട്ട